# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അയിലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പികെഡി 18-108/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 20/02/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയിലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പികെഡി 18-108/2022 തീയ്യതി: 20/02/2023

# പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2021 മുതൽ 24-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.എസ്.സാബു | ഡെപ്യൂട്ടി ഡയറക്ടർ | 19-12-2022 | 24-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-12-2022 | 24-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റോബർട്ട്.കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.അനില.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ആതിര.എച്ച്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ഗീത.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിഘ്നേഷ്.എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുരേന്ദ്രൻ.എൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കാവ്യ കെ കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 01-09-2021 |
| ശ്രീ.രമേഷ്.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 02-09-2021 | 31-03-2022 |
| ഡോ.കീർത്തി അശോകൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.സ്മിനി.ടി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 17-06-2021 |
| ഡോ.മഹേഷ്.എ.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 18-06-2021 | 11-10-2021 |
| ഡോ.ഹജീഷ്.പി.സി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 12-10-2021 | 13-01-2022 |
| ഡോ.സിഞ്ജു.സി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 14-01-2022 | 31-03-2022 |
| ശ്രീമതി.ലിസി.കെ.എ | ഹെഡ്മിസ്ട്രസ് | 01-04-2021 | 30-04-2021 |
| ശ്രീമതി.സുബൈദ.ഇ.എച്ച് | ഹെഡ്മിസ്ട്രസ് | 01-05-2021 | 27-10-2021 |
| ശ്രീ.പദ്മകുമാർ.ബി | ഹെഡ്മിസ്ട്രസ് | 28-10-2021 | 31-03-2022 |
| ശ്രീ.ഷിജു.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2021 | 31-03-2022 |
| ശ്രീമതി.കവിത.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2021 | 31-03-2022 |
| ശ്രീമതി.സുഭാഷിണി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| ശ്രീമതി.ജിജിമോൾ.ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-11-2021 | 31-03-2022 |
| ശ്രീമതി.അശ്വതി.സി | കൃഷി ഓഫീസർ | 01-04-2021 | 12-10-2021 |
| ശ്രീമതി.കൃഷ്ണ.എസ് | കൃഷി ഓഫീസർ | 13-10-2021 | 31-03-2022 |
| ശ്രീ.പ്രദീഷ്.പി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.സൂസൻ വർഗീസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ഫാസിൽ.പി.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | കാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | കടമുറികൾ വാടകയ്ക്ക് നല്കൽ - അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-11 |
| 13 | കടമുറികളുടെ വാടക ഈടാക്കുന്നതിനായി ബൈലോ തയ്യാറാക്കിയിട്ടില്ല | 1-11-1 |
| 14 | കടമുറികളുടെ വാടക – സംവരണം പാലിക്കേണ്ടതാണ് | 1-11-2 |
| 15 | കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ മതിയായ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമച്ചിട്ടില്ല | 1-11-3 |
| 16 | എം.എസ്.എം.ഇ യിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ അധികം തുക ഈടാക്കി | 1-12 |
| 17 | ആംബുലൻസ് വാടക പിരിവ് - കാര്യക്ഷമമാക്കേണ്ടതാണ് | 1-13 |
| 18 | കൃഷി ഓഫീസർ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-14 |
| 19 | ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-15 |
| 20 | വെറ്ററിനറി സർജൻ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 21 | മുട്ടക്കോഴി വിതരണം -പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചില്ല | 1-16-1 |
| 22 | കന്നുകുട്ടി വാങ്ങൽ -പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചില്ല | 1-16-2 |
| 23 | ക്ഷീര കർഷകർക്ക് പാൽ ഉത്പാദനത്തിന് സബ്സിഡി | 1-17 |
| 24 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-18 |
| 25 | അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി അടവാക്കിയത് ഉറപ്പാക്കേണ്ടതാണ്. | 1-19 |
| 26 | പാലിയേറ്റീവ് കെയർ - മാർഗ്ഗരേഖ പാലിച്ചില്ല | 1-20 |
| 27 | തനത്ഫണ്ടിൽ നിന്നുള്ള മുൻകൂറുകൾ ക്രമീകരിച്ചില്ല | 1-21 |

| | | |
|---|---|---|
| 28 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-22 |
| 29 | CPRCS മുഖേന കമ്പ്യൂട്ടർ. സ്കാനർ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-23 |
| 30 | കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക മെയിന്റനൻസ് -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-24 |
| 31 | കോവിഡ് 19 നിയന്ത്രണം -അനുബന്ധ പ്രവർത്തനവും അടിസ്ഥാന സൗകര്യം ഒരുക്കലും - ചെലവുരേഖകൾ ഹാജരാക്കിയില്ല | 1-25 |
| 32 | പൊതുടാപ്പുകളുടെ വെള്ളക്കരം | 1-26 |
| 33 | തെരുവ് വിളക്ക് പരിപാലനം | 1-27 |
| 34 | തൊഴിലുറപ്പ് പദ്ധതി | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പാലിയേറ്റീവ് കെയർ പദ്ധതി-നഴ്സിന് അധികമായി വേതനം നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികക്കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

20-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

7-03-2022 ലെ തീരുമാനം നം. 2/5 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 50,64,243 |
| തൻവർഷം വരവ് | 38,60,37,000 |
| ആകെ വരവ് | 39,11,01,243 |
| ചെലവ് | 38,36,61,000 |
| നീക്കിയിരിപ്പ് | 74,40,243 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31.07.2022 | 20.08.2022 | - | - |

1994 കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 9(1) പ്രകാരം വാർഷിക കണക്ക് ജൂലൈ 31 നകം സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യ പത്രിക – അപാകതകൾ

1. തൊഴിൽ നികുതി - ട്രേഡേഴ്സ് - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

3. ആംബുലൻസ് വരവ്- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

4. ബാലൻസ് ഷീറ്റ് B4 പ്രകാരം താഴെപ്പറയുന്ന തുകകൾ ചെലവഴിക്കാതെ ശേഷിക്കുന്നു.

| ഹെഡ് | ബാലൻസ് തുക B-4 | തുക നൽകിയത് |
|---|---|---|
| 320200399 | 1710 | സംസ്ഥാന വിഹിതം (വിമുക്തി) |
| 320700405 | 19233 | ജില്ലാ പഞ്ചായത്ത് |
| 320700203 | 200000 | ഗ്രാമപഞ്ചായത്ത് |
| 320800101 | 426305 | ഗുണഭോക്തൃ വിഹിതം |

ചെലവഴിക്കാനാകാത്ത തുകകൾ തിരികെ അടവാക്കേണ്ടതാണ്.

5. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, 62 എഫ് പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ സമർപ്പിച്ചിട്ടില്ല. 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16923078 |
| വരവ് | 109132072 |
| ആകെ | 126055150 |
| ചെലവ് | 98267939 |
| നീക്കിയിരിപ്പ് | 27787211 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 15953977 | 15953977 | 14623841 | 1330136 |
| വികസനഫണ്ട് -എസ്.സി.പി | 0 | 9009396 | 9009396 | 6593290 | 2416106 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 1354394 | 1354394 | 663610 | 690784 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 42972593 | 42972593 | 25214992 | 17757601 |

| | | | | | |
|---|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 8820994 | 8820994 | 3310193 | 5510801 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 0 | 3714755 | 3714755 | 1734573 | 1980182 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 0 | 5486000 | 5486000 | 1527457 | 3958543 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 1139232 | 1139232 | 86605 | 1052627 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 3976212 | 3976212 | 1146667 | 2829545 |

സി എഫ് സി - അൺടൈഡ് - New – ൽ നിന്നും 275189 (275000 To VEO + 189 – Bank Charge) രൂപയുടെ ചെലവ് സാംഖ്യ ACR- ൽ ഉൾപ്പെട്ടിട്ടില്ല. AFS -ലെ ചെലവിൽ ഉൾപ്പെട്ടിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതം

എ)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 121785 | 1061858 | 1183643 | 651335 | 532508 |
| സമ്പൂർണ്ണ ശുചിത്വം – ശുചിത്വ മിഷൻ ഗ്രാന്റ് | 800916 | 230000 | 1030916 | 183960 | 846956 |

ബി) തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2941 | 444195 | 447136 | 446499 | 637 |
| തൊഴിലാളികളുടെ വേതനം | 0 | 39621450 | 39621450 | 39621450 | 0 |
| ആകെ | 2941 | 40065645 | 40068586 | 40067949 | 637 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 120000 | 2320000 | 2440000 | 2040000 | 400000 |
| സാക്ഷരത | 0 | 100251 | 100251 | 100251 | 0 |
| ജലനിധി | 237377 | 448961 | 686338 | 390675 | 295663 |
| ശുചിത്വമിഷൻ ഗ്രാന്റ് | 42779 | 0 | 42779 | 6000 | 36779 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 186014785 | 159 | 76167965 | 0 | 77 | 67 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 7571290 | 4959280 | 66 |
| വെറ്ററിനറി സർജ്ജൻ | 10 | 8 | 5435000 | 1060677 | 20 |
| മെഡിക്കൽ ഓഫീ സർ-PHC | 5 | 5 | 1707760 | 1331409 | 78 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 420000 | 412057 | 98 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 2 | 1300000 | 363414 | 28 |
| വി.ഇ.ഒ -1 | 16 | 14 | 41573270 | 9922458 | 24 |
| വി.ഇ.ഒ -2 | 11 | 8 | 37696596 | 11303400 | 30 |
| എച്ച്.എം | 6 | 4 | 1085800 | 887369 | 82 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 9570288 | 6737355 | 70 |
| സെക്രട്ടറി | 28 | 23 | 14161302 | 9626084 | 68 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 143 | 82 | 64801179 | 28872162 | 45 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 692300 | 692300 | 100 |
| ആകെ | 236 | 159 | 186014785 | 76167965 | 41 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്റ്റേറ്റീവ് | 2941 | 444195 | 447136 | 446499 | 637 |

| | | | | | |
|---|---|---|---|---|---|
| ചെലവ് | | | | | |
| തൊഴിലാളികളുടെ വേതനം | 0 | 39621450 | 39621450 | 39621450 | 0 |
| ആകെ | 2941 | 40065645 | 40068586 | 40067949 | 637 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 16796200 | 1142 |
| 2 | വാർദ്ധക്യകാല പെൻഷൻ | 33421900 | 24008 |
| 3 | വികലാംഗ പെൻഷൻ | 5371100 | 348 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1038000 | 69 |
| 5 | വിധവാ പെൻഷൻ | 20514800 | 1339 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 510000 | 17 |

## 1-8 കാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-12-2022 ന് സ്ഥാപനത്തിലെ ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. 1971/- രൂപ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ കാര്യമായ അപാകതകൾ കണ്ടെത്തിയില്ല. രേഖകളും രജിസ്റ്ററുകളും യഥാവിധി സൂക്ഷിക്കുന്നുണ്ട്. ഐ.എൽ.ജി.എം.എസ്സിലൂടെ മെച്ചപ്പെട്ട സേവനങ്ങൾ നല്കിവരുന്നു. എന്നിരുന്നാലും കുടിശ്ശിക ഇനത്തിൽ ലഭ്യമാകേണ്ട തുകകൾ പിരിച്ചെടുക്കുന്നതിനും പദ്ധതി വിഹിതം, ഇതര ഗ്രാന്റുകൾ എന്നിവകളുടെ ചെലവുകൾ ഊർജ്ജിതമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.11.2022 | 10/2022 | 16.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.04.2019 മുതൽ 10.05.2019 വരെ | 2014-15 മുതൽ 2018-19 വരെ | 10.06.2019 |

### 1-11 കടമുറികൾ വാടകയ്ക്ക് നല്കൽ - അപാകതകൾ പരിഹരിക്കേണ്ടതാണ്

കടമുറികളുടെ വാടകയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 കടമുറികളുടെ വാടക ഈടാക്കുന്നതിനായി ബൈലോ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കടമുറികൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ, ചട്ടം 3 (5, 6, 7) എന്നിവ പ്രകാരം ബൈലോ തയ്യാറാക്കി നാളിതുവരെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് (2/21-12-2022) ലഭ്യമാക്കിയ മറുപടിയിൽ കടമുറികളുടെ വാടകയുമായി ബന്ധപ്പെട്ട് ബൈലോ നിലവിൽ തയ്യാറാക്കിയിട്ടില്ലെന്നും ആയത് അടിയന്തരമായി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

ബൈലോയുടെ അഭാവത്തിൽ വാടക, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കടമുറികളുടെ വാടകയുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-2 കടമുറികളുടെ വാടക – സംവരണം പാലിക്കേണ്ടതാണ്

കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10% സംവരണവും അംഗപരിമിതർക്ക് 3% സംവരണവും (50 % ത്തിലധികം വൈകല്യമുള്ളവർക്ക്) നൽകേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് - വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ചട്ടങ്ങൾ, 2005, ചട്ടം 10 പ്രകാരമുള്ള സംവരണം സംബന്ധിച്ച വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഷോപ്പിംഗ് കോംപ്ലക്സ് റെന്റ് രജിസ്റ്റർ പ്രകാരം 24 കടമുറികളാണ് ഗ്രാമപഞ്ചായത്തിനുള്ളത്( അയിലൂർ -13, അടിപ്പെരണ്ട -11). കടമുറികൾ വാടകയ്ക്ക് നല്കിയതിൽ സംവരണക്രമം പാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം 2/21-12-2022 ന് മറുപടി ലഭ്യമാക്കിയതിൽ കടമുറികൾ വാടകയ്ക്ക് നല്കുമ്പോൾ പട്ടിക ജാതി/ പട്ടിക വർഗ്ഗ

വിഭാഗക്കാർക്ക് ആവശ്യമായ സംവരണം ഏർപ്പെടുത്തിയിട്ടുള്ളതാണെന്നും അടിപ്പെരണ്ട ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ ഒരു കടമുറി ടി വിഭാഗക്കാർക്കായി സംവരണം ചെയ്തിരുന്നതാണെന്നും എന്നാൽ ഈ കടമുറി വാടകയ്ക്ക് ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തതിനാൽ പഞ്ചായത്ത് തീരുമാന പ്രകാരം കടമുറി അങ്കണവാടി പ്രവർത്തിക്കുന്നതിനായി നല്കുകയാണുണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ ഈ കടമുറി ഒഴിഞ്ഞ് കിടക്കുന്നതായും അറിയിച്ചിട്ടുണ്ട്. സംവരണം ചെയ്തത് സംബന്ധിച്ച് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അടുത്ത സാമ്പത്തിക വർഷത്തിൽ മാനദണ്ഡങ്ങൾ അനുസരിച്ച് കടമുറികൾ ലേലം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കടമുറികൾ വാടകയ്ക്ക് നല്കുമ്പോൾ പട്ടികജാതി/പട്ടികവർഗ/അംഗപരിമിതർ വിഭാഗത്തിന് അർഹമായ സംവരണം ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതും കടമുറികൾ ഒഴിഞ്ഞു കിടഞ്ഞു കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-11-3 കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ മതിയായ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് - വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ചട്ടങ്ങൾ, 2005, ചട്ടം 7 (2) പ്രകാരം കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ മതിയായ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമയ്ക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന വാടകക്കാരുമായി കരാർ ചമച്ചിട്ടില്ല.

1. കടമുറി - 4/380

പ്രകാശൻ S/o കൃഷ്ണൻ , കാരക്കാട്ടുപറമ്പ്, അയിലൂർ

2. കടമുറി - 4/386

മണികണ്ഠൻ S/o കൃഷ്ണൻ , മുതുകുന്നി, അയിലൂർ

3. കടമുറി -11/342

പി.കെ രാജൻ, മിഷ സ്റ്റോർ, മാട്ടുപ്പാറ

4. കടമുറി -11/343

ചെന്താമര S/o നാരായണൻ, നാരായണ നിവാസ്

5. കടമുറി -11/346

കെ.എം സൈമൺ S/o മാണി, കാരത്തടത്തിൽ ഹൗസ്, ഒലിപ്പാറ

6 .കടമുറി -11/347

ജിജോ മാത്യു, S/o കെ.ജെ .മാത്യു, കുരൻതാഴത്ത്പറമ്പിൽ

7. കടമുറി -11/349

ദേവദാസ് S/o രാമൻ , അടിപ്പെരണ്ട

(ഓഡിറ്റ് അന്വേഷണം 2/21-12-2022)

മുൻ വർഷം പഞ്ചായത്ത് കടമുറികൾ വാടകയ്ക്ക് എടുത്തവർക്കു തന്നെയാണ് വാടക 5% വർദ്ധിപ്പിച്ച് പഞ്ചായത്ത് തീരുമാന പ്രകാരം കടമുറികൾ അനുവദിച്ചിട്ടുള്ളത്. കോവിഡിന്റെ പശ്ചാത്തലത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാലാണ് മേൽ പറഞ്ഞ വ്യക്തികളുടെ അപേക്ഷയുടേയും പഞ്ചായത്ത് തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കടമുറികൾ വാടകയ്ക്ക് അനുവദിക്കുവാൻ ഇടയായതെന്നും അറിയിച്ചിട്ടുണ്ട്.

ഒരേ വ്യക്തിക്കു തന്നെ കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ ഓരോ വർഷവും കരാർ പുതുക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്തേണ്ടതാണ്.

### 1-12 എം.എസ്.എം.ഇ യിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ അധികം തുക ഈടാക്കി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഒരു എം.എസ്.എം.ഇ യിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ അധിക തുക ഈടാക്കിയതായി കണ്ടെത്തി. സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈസൻസ് നമ്പർ :- 211/2021-2022/B2-659/21 തീ 30-10-21

സ്ഥാപനത്തിന്റെ പേര്: - പോപ്പ് മാജിക്, കോഴിക്കാട്

ലൈസൻസിയുടെ പേര്- മൂസക്കുട്ടി, S/o മുഹമ്മദ് കുട്ടി, കോഴിക്കാട് , തിരുവഴിയാട്

ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നമ്പർ- UDYAM KL10-0007317

കെട്ടിട നമ്പർ 7/534

മൂലധന നിക്ഷേപം- 7.5 ലക്ഷം

പോപ്പ് കോൺ, സ്നാക്സ് എന്നിവയുടെ ഉത്പാദനത്തിനും വിപണനത്തിനുമായി ലൈസൻസ് അനുവദിച്ചതിൽ ലൈസൻസ് ഫീസിനത്തിൽ 1000/- രൂപ ഈടാക്കിയിട്ടുണ്ട്. ഉത്പാദന മേഖലയിൽ ഉൾപ്പെടുന്ന മൂലധന നിക്ഷേപം 25 ലക്ഷം വരെയുള്ള (മൈക്രോ) സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് ഫീസ് 500/- രൂപയാണ്.

ലൈസൻസ് ഫീസിനത്തിൽ അധികം തുക ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 3/21-12-2022 ന് മുൻവർഷങ്ങളിൽ ഈടാക്കിയ നിരക്ക് പ്രകാരമാണ് 2021-22 വർഷത്തിലും ഫീസ് ഈടാക്കിയതെന്നും നിലവിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

മറുപടി അംഗീകരിക്കാവുന്നതല്ല. ടി സ്ഥാപനത്തിന് ഉദ്യം രജിസ്ട്രേഷൻ ലഭിച്ചത് 27/08/2021 തീയതിയിലാണ്.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി MSME Development Act 2006 പ്രകാരം ഉദ്യോഗ് ആധാർ മെമ്മോറാണ്ടമോ, ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ഉള്ള MSME വ്യവസായ സ്ഥാപനങ്ങൾക്ക്, സർക്കാർ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും നിയമാനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

### 1-13 ആംബുലൻസ് വാടക പിരിവ് - കാര്യക്ഷമമാക്കേണ്ടതാണ്

2020-21 വർഷത്തെ 'എം.എൽ.എ പ്രത്യേക വികസന നിധിയിൽ' ഉൾപ്പെടുത്തി സർക്കാർ അനുമതിയോടുകൂടി വാങ്ങിയ ആംബുലൻസ് (Force Traveller-രജിസ്ട്രേഷൻ നം.KL-70-F 6028) വാടകയ്ക്ക് പൊതുജനങ്ങൾക്ക് നൽകുമ്പോൾ ഈടാക്കേണ്ട വാടക, രശീതി നൽകൽ, തുകയുടെ ഒടുക്ക്, ഡ്രൈവറുടെ സേവന വേതന വ്യവസ്ഥ, വാഹനത്തിന്റെ പരിപാലന വ്യവസ്ഥകൾ എന്നിവ നിശ്ചയിക്കാനായി നിയമാവലി രൂപീകരിച്ച് അംഗീകാരം ലഭ്യമാക്കാൻ 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-14 പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 4/21-12-2022 ന് പഞ്ചായത്തിൽ ആംബുലൻസ് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കുന്നതിനും കുടുംബാരോഗ്യ കേന്ദ്രത്തിന് കൈമാറുന്നതുവരെ പഞ്ചായത്ത് നേരിട്ട് നടത്തുന്നതിനും തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്.

2. വാഹന വാടക നിരക്ക് നിശ്ചയിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കാൻ ആവശ്യപ്പെട്ടത് പ്രകാരം(ഓഡിറ്റ് അന്വേഷണം 4/21-12-2022) ഹാജരാക്കിയ 6/12/2022 ലെ തീരുമാനം നമ്പർ 10/1 പ്രകാരം 8 കി.മി ദൂരം വരെ മിനിമം 800 രൂപയും ആയതിനു ശേഷം വരുന്ന ഓരോ കിലോ മീറ്ററിനും 17 രൂപ നിരക്കിലും വാടക ഈടാക്കുന്നതിനും, മണിക്കൂർ ഒന്നിന് വെയിറ്റിംഗ് ചാർജ് 135 രൂപയും, സർവ്വീസ് ചാർജ് ഇനത്തിൽ ഒരു ട്രിപ്പിന് 200/- രൂപയും നിശ്ചയിച്ചിട്ടുണ്ട്. നാളിതു വരെ കോവിഡ്

ആവശ്യത്തിനാണ് വാഹനം ഉപയോഗിച്ചിട്ടുള്ളത് എന്ന തീരുമാനവുമെടുത്തിട്ടുണ്ട്.

ഈ തീരുമാനത്തെ സാധൂകരിക്കുന്ന ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ/ആംബുലൻസിൽ കൊണ്ടുപോകുന്ന രോഗികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. വാഹനത്തിന്റെ ലോഗ് ബുക്ക് പേജ് 30 ൽ 03.09.2021 തീയതിവരെ വാഹനം 7711 Km ഓടിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 5.09.2021 ന് വാടകയിനത്തിൽ ആകെ 30,450/- രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. 24.10.2021 ന് ലോഗ് ബുക്ക് പേജ് 34 പ്രകാരം 8832 ആണ് ഫൈനൽ കിലോമീറ്റർ. പ്രസ്തുത ദിവസത്തെ വാടകയിനത്തിലെ തുക അടവാക്കിയതിന്റെ രേഖകളില്ല.

2021-22 സാമ്പത്തിക വർഷം 4.10.2021 വരെ മാത്രമാണ് കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്കിൽ ഒപ്പ് വെച്ചിട്ടുള്ളത്. പിന്നീട് 30.09.22-നാണ് ലോഗ് ബുക്കിൽ രേഖപ്പെടുത്തലുള്ളത്. ഈ ദിവസത്തെ ഇനീഷ്യൽ കിലോമീറ്റർ 94735 ആയി ലോഗ് ബുക്ക് പേജ് 35 ൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി ദിവസങ്ങളിൽ വാഹനവാടക പിരിവ് പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. 85903 (94735-8832) Km വാഹനം ഓടിയതിന്റെ വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയോ വാഹന വാടകയിനത്തിൽ പിരിച്ചെടുത്ത തുക പഞ്ചായത്തിൽ വരവുവെയ്ക്കുകയോ ചെയ്തിട്ടില്ല.

ഒരു വർഷത്തോളം വാഹനം ഓടിയതിന്റെ വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്താത്തതും പിരിച്ചെടുത്ത വാഹന വാടക പഞ്ചായത്തിൽ അടവാക്കാത്തതും സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ച് കാലികമാക്കുന്നതിനും ഒടുക്കുവാൻ ബാക്കിയുള്ള തുക ഒടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സ്ഥിരമായ ഡ്രൈവറെ നിയമിക്കാൻ കഴിയാത്തതിനാലും അത്യാവശ്യമായി വാഹനം ഉപയോഗിക്കേണ്ടി വരുമ്പോൾ ലഭ്യമായ ഡ്രൈവറെ ഉപയോഗിച്ച് വാഹനം ഓടുന്ന അവസ്ഥയുമായതിനാലാണ് വാഹനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ യഥാസമയം സൂക്ഷിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

85903 കി.മീ സഞ്ചരിച്ചിട്ടുള്ളതായി വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. കുറഞ്ഞ മൈലേജ് 7 കിലോ മീറ്ററെങ്കിലും ലഭിക്കുന്ന ഈ വാഹനത്തിന് 12271 ലി ഇന്ധനം ഉപയോഗിക്കേണ്ടതുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഇതു സംബന്ധിച്ച് മോണിറ്ററിംഗ് നടത്താത്തതും ലോഗ് ബുക്ക് ശരിയായി സൂക്ഷിക്കുന്നു എന്ന് ഹെഡ് ക്ലാർക്ക് പരിശോധിക്കാത്തതും വീഴ്ചയാണ്. ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക്, ഇന്ധന ഓർഡർ ബുക്ക്, വെഹിക്കൾ ഹിസ്റ്ററി ബുക്ക്, റിപ്പയർ രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപഭോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ എന്നീ രേഖകൾ സൂക്ഷിക്കേണ്ടതാണ്. ( സ.ഉ (എം.എസ്) നം. 170/7/തസ്വഭവ തീ 30-06-2007)

2. ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് മുൻ അർദ്ധ വർഷത്തെ വരവിന്റെയും ചെലവിന്റെയും റിപ്പോർട്ട് സമർപ്പിക്കണം.

3. ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

4. ആംബുലൻസിൽ കൊണ്ടുപോകുന്ന രോഗികളുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-14 കൃഷി ഓഫീസർ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0164/22 (കൃഷിഭവൻ-കണ്ടിജന്റ് ചെലവുകൾ) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 50000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 50000/- |
| ബിൽ നമ്പർ/തീയതി | 1) 3/21-22, തിയതി.12.10.21, തുക.30082/-<br>2) 9/21-22, തിയതി.22.03.22, 19918/-രൂപ |

I) അയിലൂർ കൃഷിഭവനിൽ ജൂലൈ, സെപ്തംബർ എന്നീ മാസങ്ങളിലെ ഡാറ്റാ എൻട്രി നടത്തിയതിന്റെ പ്രതിഫലമായി 4000/- (2000+2000) രൂപ ചെലവഴിച്ചിട്ടുണ്ട്.

1)എന്താവശ്യത്തിനാണ് ഡാറ്റാ എൻട്രി നടത്തിയത് എന്നതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2) ഡാറ്റാ എൻട്രി നടത്തുന്നതിനായി ആളെ നിയമിക്കുന്നതിനും ഡാറ്റാ എൻട്രി നടത്തിയതിന്റെ പ്രതിഫലം നൽകുന്നതിനും പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ലഭ്യമായിട്ടില്ല.

II) ബിൽ നം.3/12.10.21 പ്രകാരം 30082/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 29682/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.13, തിയതി.23.12.22 ന് മറുപടി നൽകിയിട്ടില്ല.

അധികമായി ചെലവഴിച്ചിട്ടുള്ള 400/- രൂപയുടെ രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

### 1-15 ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ

1) താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ലൈഫ് പദ്ധതി ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| വാർഡ് നം | ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച തുക/ തിയതി | |
|---|---|---|---|
| 17 | അർച്ചന,W/o.സതീഷ്, വീഴ്ലി, പയ്യാംകോട് | 40000 | 31.10.18 |
| | | 160000 | 29.03.19 |
| 1 | ശോഭന, W/o.വനമോഹൻ, പുമിക്കൽചിറ, അയിലൂർ | 40000 | 25.02.20 |

തുക തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/24.12.22) ലഭിച്ച മറുപടി. ഭവന നിർമ്മാണം നാളിതുവരെയായിട്ടും പൂർത്തിയാക്കാത്തതിനാൽ, ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനോ തുക തിരിച്ചടപ്പിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16 വെറ്ററിനറി സർജൻ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

വെറ്ററിനറി സർജൻ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിവരങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-16-1 മുട്ടക്കോഴി വിതരണം -പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 1) 59/22 (മുട്ടക്കോഴി വിതരണം- പട്ടികജാതി)<br>2) 55/22 (മുട്ടക്കോഴി വിതരണം- ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 1) 120000/- (90000വികസന ഫണ്ട്,<br>30000 മറ്റുള്ളവ)<br>2) 1200000/- (600000വികസന ഫണ്ട്,<br>600000 മറ്റുള്ളവ) |
| ചെലവ് | 1) 91800/-<br>2) 226800/- |
| ബിൽ നം/ തിയതി | 1) 01/16.03.22, തുക.5400/-<br>2) 02/16.03.22, തുക.113400/-<br>3) 11/31.03.22, തുക.1800/-<br>4) 15/31.03.22, തുക.84600/-<br>5) ചെക്ക് നം.025547/16.02.22, തുക.113400/- |

ജനറൽ വിഭാഗത്തിൽ 1000 ഗുണഭോക്താക്കൾക്കും പട്ടികജാതി വിഭാഗത്തിൽ 100 ഗുണഭോക്താക്കൾക്കും 10 മുട്ടക്കോഴികളെ വീതം വിതരണം ചെയ്യുന്നതാണ് പദ്ധതി. കമലം എഗ്ഗർ നഴ്സറി, രതീഷ് എഗ്ഗർ നഴ്സറി എന്നിവിടങ്ങളിൽ നിന്നാണ് മുട്ടക്കോഴികൾ വാങ്ങിയിട്ടുള്ളത്. ജനറൽ വിഭാഗത്തിൽ 195 ഗുണഭോക്താക്കൾക്കും പട്ടികജാതി വിഭാഗത്തിൽ 94 ഗുണഭോക്താക്കൾക്കും 10 വീതം മുട്ടക്കോഴികളെ നൽകിയിട്ടുണ്ട്.

സ.ഉ(കൈ)നം.22/2018/തസ്വഭവ, തിയതി.14.02.2018 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും,വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ-പക്ഷികളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിയ്ക്ക് നേരിട്ട് വാങ്ങാം. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം

എന്നാൽ മേൽ നിർദ്ദേശങ്ങൾ അയിലൂർ വെറ്ററിനറി സർജൻ പാലിച്ചിട്ടില്ല. മുട്ടക്കോഴി വാങ്ങുന്നതിന് ഇത്തരത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയോ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം നേടുകയോ ചെയ്തിട്ടില്ല.

പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/24.02.22) മറുപടി ലഭിച്ചിട്ടില്ല.
മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-16-2 കന്നുകുട്ടി വാങ്ങൽ -പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 58/22 (കന്നുകുട്ടി വാങ്ങൽ-പട്ടികജാതി) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 444000/- (333000/- വികസന ഫണ്ട്, 111000/- മറ്റുള്ളവ) |
| ചെലവ് | 306000/- |
| ബിൽ നം/ തിയതി | 1) 03/31.03.22, തുക.45000/-<br>2) 04/31.03.22, തുക.45000/-<br>3) 05/31.03.22, തുക.45000/-<br>4) 06/31.03.22, തുക.45000/-<br>5) 07/31.03.22, തുക.45000/-<br>6) 08/31.03.22, തുക.45000/-<br>7) 09/31.03.22, തുക.27000/-<br>8) 10/31.03.22, തുക.9000/- |

പട്ടികജാതി വിഭാഗത്തിലെ 37 വനിതകൾക്ക് കന്നുകുട്ടി വാങ്ങുന്നതിന് സബ്സിഡിയായി 9000/- രൂപ നൽകുന്നതാണ് പദ്ധതി. ഗുണഭോക്തൃ വിഹിതം 6000/- രൂപയാണ്. 34 വനിതകൾക്ക് സബ്സിഡി തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

ആരുടെ പക്കൽ നിന്നാണോ കന്നുകുട്ടിയെ വാങ്ങുന്നത് അവരുടെ അക്കൗണ്ടിലേയ്ക്ക് സബ്സിഡി തുക ഇട്ടുകൊടുക്കുകയും, ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവർക്ക് ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾ നേരിട്ട് നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

സ.ഉ(കൈ)നം.22/2018/തസ്വഭവ, തിയതി.14.02.2018 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ-പക്ഷികളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിയ്ക്ക് നേരിട്ട് വാങ്ങാം. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ മേൽ നിർദ്ദേശങ്ങൾ അയിലൂർ വെറ്ററിനറി സർജൻ പാലിച്ചിട്ടില്ല. കന്നുകുട്ടി വാങ്ങുന്നതിന് ഇത്തരത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയോ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം നേടുകയോ ചെയ്തിട്ടില്ല. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/24.12.22) മറുപടി നൽകിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-17 ക്ഷീര കർഷകർക്ക് പാൽ ഉത്പാദനത്തിന് സബ്സിഡി

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രോജക്ട് നം. - 67/22, ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ്

അടങ്കൽ - 592300/-(വികസന ഫണ്ട് ജനറൽ)

100000/- ( ജില്ലാ പഞ്ചായത്ത്)

ചെലവ് - 592300/- (GP Bill No-2/26-02-2022)

100000/- (JP Bill No.-1/26-02-2022)

ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന്റെ അളവനുസരിച്ച് ലിറ്ററിന് 3 രൂപ നിരക്കിൽ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് മാസം വരെ പരാമാവധി 40,000/- രൂപ എന്ന പരിധിക്ക് വിധേയമായി ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ കല്ലംപറമ്പ്, കയറാടി, മാങ്കുറിശ്ശി, അടിപ്പരണ്ട, തലവെട്ടാംപാറ, അയിലൂർ എന്നീ ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കും മംഗലം ഡാം സഹകരണ സംഘത്തിൽ പാലളന്ന അയിലൂർ പഞ്ചായത്തിലെ കർഷകനുമാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

ക്ഷീരോത്പാദക സഹകരണ സംഘത്തിൽ പാലളക്കുന്ന 370 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടും ക്ഷീരകർഷകർക്ക് 2021 ഏപ്രിൽ മുതൽ ജൂലൈ വരെ രെയുള്ള 4 മാസങ്ങളിലെ സബ്സിഡി മാത്രമാണ് നൽകാൻ കഴിഞ്ഞിട്ടുള്ളത്. മുഴുവൻ മാസങ്ങളിലെയും ആനുകൂല്യം നൽകാൻ കഴിയുന്ന വിധത്തിൽ തുക വകയിരുത്തിയിട്ടില്ല.

2. ഇൻഷ്വർ ചെയ്ത പശുക്കളുള്ള ക്ഷീര സഹകരണസംഘങ്ങളുടെ പ്രവർത്തന മേഖലയിലല്ലാത്ത മറ്റു ക്ഷീരകർഷകർക്കും ഉത്പാദനത്തിനാനുപാതികമായി വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ ഒരു വർഷം 15000 രൂപ വരെ നൽകാവുന്നതാണെന്ന് സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ.തീയ്യതി 14-2-2018 മാർഗ്ഗരേഖയിലെ ഖ.6.2.8, സ.ഉ. 545/2019/തസ്വഭവ തീയ്യതി. 7-3-2019 എന്നിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പശുവളർത്തൽ മുഖ്യ തൊഴിലാക്കിയ ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതും സംഘങ്ങളിൽ പാൽ അളക്കാത്തതുമായ കർഷകർക്ക് ഉല്പ്പാദനത്തിന് അനുസൃതമായി സബ്സിഡി ലഭ്യമാകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 15/23-12-22 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1. വർഷം മുഴുവൻ ധനസഹായം നല്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിൽ യോഗങ്ങളിൽ ആവശ്യം ഉന്നയിക്കാറുണ്ടെങ്കിലും വികസന ഫണ്ടിൽ നിന്നും ഉത്പാദന മേഖലയ്ക്ക് നീക്കി വെയ്ക്കുന്ന തുകയുടെ ഒരു പങ്കു മാത്രമാണ് ക്ഷീര കർഷകർക്ക് പാലിന് ഇൻസെൻറീവ് അനുവദിക്കുന്നതിന് ലഭ്യമാക്കാറുള്ളതെന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് കൂടുതൽ കാലത്തേക്ക് ക്ഷീരകർഷകർക്ക് അർഹമായ നിരക്കിലുള്ള ആനുകൂല്യം വരും വർഷങ്ങളിൽ അനുവദിക്കുന്നതാണ് .

2. അയിലൂർ ഗ്രാമപഞ്ചായത്തിൽ ബഹുഭൂരിപക്ഷം ക്ഷീരകർഷകരും ക്ഷീര സംഘങ്ങൾ മുഖാന്തിരം പാൽ വിപണനം നടത്തുന്നവരാണ് എന്നതുകൊണ്ടും ക്ഷീര സംഘങ്ങളിൽ പാൽ അളക്കാത്തതുമായ ക്ഷീരകർകർക്ക് സബ്സിഡി ലഭ്യമായില്ല എന്ന പരാതി ഉയർന്നു വന്നിട്ടില്ലാത്തതിനാലാണ് മുൻകാലങ്ങളിൽ തുടർന്നു വരുന്ന രീതിയിൽ ക്ഷീരസംഘങ്ങൾ വഴി പാൽ വിപണനം ചെയ്യുന്ന ക്ഷീരകർഷകർക്ക് സബ്സിഡി നല്കി വരുന്നത്. മേൽ സാഹചര്യത്തിൽ ക്ഷീരസംഘങ്ങൾ വഴി പാൽ അളക്കാത്തതും ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതുമായ ക്ഷീരകർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. കർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായോ കൂടുതൽ മാസങ്ങളിലേക്കോ പാലളവിന് സബ്സിഡി ലഭ്യമാകുന്ന രീതിയിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം ഉറപ്പുവരുത്തി പ്രൊജക്റ്റ് തയ്യാറാക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. ഭാവിയിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും

കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യുന്നതിനും പാൽ ഉത്പാദനത്തിൽ സ്വയം പര്യപ്തത നേടുന്നതിന് പ്രോത്സാഹനം എന്ന നിലയിൽ യഥാസമയം തുക കർഷകർക്ക് ലഭ്യമാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ -18/22,പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. അയിലൂർ

അടങ്കൽ :-1,53,000/- ( വികസനഫണ്ട്-എസ്.സി.പി.)

12,000/- (തനത് ഫണ്ട്)

ചെലവ് :- 153000/- ബിൽ നമ്പർ - 3/2021-22 തീ 07/03/22)

11175/-ചെക്ക് നമ്പർ -02046918 തീ 22.03.2022

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നല്കുന്നത് വഴി പഠന സൗകര്യം മെച്ചപ്പെടുത്തുക എന്നതാണ് ഹെഡ് മാസ്റ്റർ നിർവ്വഹിച്ച മേൽ പ്രൊജക്ടിന്റെ ലക്ഷ്യം. പ്രൊജക്ടിനായി 33 എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നല്കിയതിൽ 164175/- രൂപ ARTCO ബ്രാഞ്ച് മാനേജർക്ക് അക്കൗണ്ട് നമ്പർ 37084134400 ലേക്ക് 07.03.2022 ന് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം 17/24-12-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ പ്രൊജക്ടിൽ ഉൾപ്പെട്ട 33 എസ്.സി. വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-19 അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി അടവാക്കിയത് ഉറപ്പാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0212/22 ,അങ്കണവാടി പോഷകാഹാരം (ടി.എസ്.പി)-സ്പിൽഓവർ<br>S0119/22 (അങ്കണവാടി പോഷകാഹാരം (ജനറൽ)) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 60788/- (വികസന ഫണ്ട്-ടി.എസ്.പി)<br>4558000/- (2958000-വികസന ഫണ്ട്-ജനറൽ, 1300000-കേന്ദ്രാവിഷ്കൃത ഫണ്ട്, 300000- ബ്ലോക്ക് വിഹിതം ) |
| ചെലവ് | 60788/-<br>3411842/- |

| | |
|---|---|
| ബിൽ നമ്പർ/തീയതി | 1) 2/21-22, 23.07.21 തുക. 688390/-<br>2) 3/21-22, 23.07.21 തുക. 648353/-<br>3) 4/21-22, 13.08.21 തുക. 204926/-<br>4) 5/21-22, 13.10.21 തുക. 380462/-<br>5) 11/21-22, 12.01.22 തുക. 242718/-<br>6) 14/21-22, 12.01.22 തുക. 60788/-<br>7) 18/21-22, 22.02.22 തുക. 200000/-<br>8) 19/21-22, 22.02.22 തുക. 59256/-<br>9) 21/21-22, 22.02.22 തുക. 200537/-<br>10) 22/21-22, 22.02.22 തുക. 275358/-<br>11) 25/21-22, 26.03.22 തുക. 100000/- |

അങ്കണവാടി പോഷകാഹാരത്തിനായി 2021-22 വർഷത്തിൽ 3472630/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 1626765/- രൂപയ്ക്ക് അമൃതം ന്യൂട്രീമിക്സ് ഹരിത കുടുംബശ്രീ, വലതല, നെമ്മാറ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതിനു പുറമെ ആയതിനുള്ള ജി.എസ്.ടി 5% വും ബിൽ പ്രകാരം നൽകിയിട്ടുണ്ട്.

സ്ഥാപനത്തിന് അമൃതം ന്യൂട്രീമിക്സിന്റെ തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

അറിവില്ലായ്മ കാരണമാണ് ടി.ഡി.എസ് പിടിക്കാതിരുന്നതെന്നും തുടർവർഷങ്ങളിൽ പിടിക്കുന്നുണ്ടെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/23.12.22) ലഭിച്ച മറുപടി.

ഓഡിറ്റ് നിർദ്ദേശം

ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമാണെങ്കിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്തതിനു ശേഷം മാത്രം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പാലിയേറ്റീവ് കെയർ - മാർഗ്ഗരേഖ പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 25/22 (പാലിയേറ്റീവ് പരിചരണം-പൊതുവിഭാഗം)<br>218/22 (പാലിയേറ്റീവ് പരിചരണം- |

| | |
|---|---|
| | പൊതുവിഭാഗം-സ്പിൽ ഓവർ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 800000/- (600000-വികസന ഫണ്ട്, 200000- ബ്ലോക്ക് വിഹിതം)<br>370000/- (70000-വികസന ഫണ്ട്, 200000-ബ്ലോക്ക് പഞ്ചായത്ത്, 100000- ജില്ലാ പഞ്ചായത്ത്) |
| ചെലവ് | 598049/-<br>264901/- |
| ബിൽ നം തിയതി | 1) 1/16.07.21, തുക.78419/-<br>2) 2/16.09.21, തുക.96707/-<br>3) 4/23.10.21, തുക.31312/-<br>4) 5/15.11.21, തുക.61574/-<br>5) 8/22.12.21, തുക.195616/-<br>6) 9/22.12.21, തുക.69285/-<br>7) 10/30.12.21, തുക.86160/-<br>8) 14/28.01.22, തുക.31430/-<br>9) 17/18.02.22, തുക.32110/-<br>10) 18/11.03.22,തുക.118747/-<br>11) 19/21.03.22, തുക.47070/-<br>12) 21/26.03.22, തുക.14520/- |

പാലിയേറ്റീവ് പരിചരണം സംബന്ധിച്ച് സ.ഉ(സാധാ)നം.553/2019/തസ്വഭവ, തിയതി.07.03.2019 മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ (നോമിനൽ രജിസ്റ്റർ, ഹോംകെയർ രജിസ്റ്റർ, ഫോളോ അപ്പ് രജിസ്റ്റർ മുതലായവ) ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാം എന്നതാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/23.12.22) ലഭിച്ച മറുപടി.

2) ഖണ്ഡിക 2.8 പ്രകാരം പാലിയേറ്റീവ് പരിചരണത്തിനായി വാഹനം ദിവസ/മാസ വാടകയ്ക്ക് എടുക്കാവുന്നതാണ്. സ്റ്റോർ പർച്ചേസ് മാനദണ്ഡപ്രകാരം മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിക്കേണ്ടതും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വാഹനം വാടകയ്ക്ക് എടുക്കേണ്ടതുമാണ്. ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതാണ്. ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി ഒരു വർഷമായിരിക്കും. കാലാവധി അവസാനിക്കുന്നതിന് മുൻപ് പുതിയ ക്വട്ടേഷൻ ക്ഷണിക്കണം.

പാലിയേറ്റീവ് പരിചരണത്തിനായി ക്വട്ടേഷൻ നടപടികൾ പാലിക്കാതെ KL.04F633 എന്ന വാഹനം വാടകയ്ക്ക് എടുക്കുകയും പ്രതിദിനത്തിന് 1000/- രൂപ വീതം നൽകുകയും ചെയ്തിട്ടുണ്ട്.
ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/23.12.22) ലഭിച്ച മറുപടി.

3) ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം

വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിനു മുമ്പും പി.എം.സി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ പി.എം.സി യോഗം ചേരേണ്ടതാണ്.

2021-22 വർഷത്തിൽ 22.02.2022 ന് മാത്രമാണ് പി.എം.സി യോഗം ചേർന്നിട്ടുള്ളത്. അതിന് മുൻപ് 08.02.21 നാണ് യോഗം ചേർന്നിട്ടുള്ളത്.
കോവിഡ് ആയതിനാലാണ് പി.എം.സി ചേരാതിരുന്നത് എന്നതാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/23.12.22) ലഭിച്ച മറുപടി.

4) അയിലൂർ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നഴ്സ് 08.02.2021 മുതൽ മാതൃത്വാവധിയിൽ പ്രവേശിക്കുകയും പകരം ഒരു നഴ്സിനെ 22.02.21 മുതൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ഖണ്ഡിക 2.13-ൽ കമ്മ്യൂണിറ്റി നഴ്സിന്റെ സേവനം തുടർച്ചയായി ലഭ്യമാകാതിരുന്നാൽ യോഗ്യതയുള്ള ഒരു നഴ്സിനെ ദിവസ വേതനാടിസ്ഥാനത്തിൽ പി.എം.സി നിയമിക്കേണ്ടതും ഒരു ദിവസത്തേയ്ക്ക് 500/- രൂപ, ഒരു മാസം പരമാവധി 15000/-രൂപ അനുവദിക്കാവുന്നതുമാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്.

പ്രതിദിനത്തിന് 500/- രൂപയിൽ കൂടുതൽ തുകയാണ് പകരമായി നിയമിച്ച പാലിയേറ്റീവ് നഴ്സിന് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഹാജരായിട്ടുള്ള ദിവസം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികമായി അനുവദിച്ചത് |
|---|---|---|---|---|
| 03/21 | 25 | 12500 | 15025 | 2525 |
| 04/21 | 20 | 10000 | 12020 | 2020 |
| 05/21 | 19 | 9500 | 11419 | 1919 |
| 06/21 | 24 | 12000 | 14424 | 2424 |
| 07/21 | 23 | 11500 | 13823 | 2323 |
| 08/21 | 2 | 1000 | 1202 | 202 |
| ആകെ | | 56500 | 67913 | 11413 |

കരാർ ജീവനക്കാരുടെ വേതനത്തിന്റെ അടിസ്ഥാനത്തിലാണ്, പകരമായി നിയമിച്ച പാലിയേറ്റീവ് കെയർ നഴ്സിന് വേതനം നൽകിയത് എന്നതാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/23.12.22) ലഭിച്ച മറുപടി.

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 11413/- രൂപ നിരാകരിക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
2) പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
3)പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ അനുസരിച്ച് വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണ്.

1-21 തനത്ഫണ്ടിൽ നിന്നുള്ള മുൻകൂറുകൾ ക്രമീകരിച്ചില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന മുൻകൂറുകൾ നാളിതുവരെയും ക്രമീകരിക്കാതെ ശേഷിക്കുന്നു.

| | |
|---|---|
| MNREGS ഓഫീസ് പ്രവർത്തനത്തിന് നൽകിയ മുൻകൂർ | 1087352 |
| സാക്ഷരതാ പ്രേരകിന് ഓണറേറിയം | 31200 |

മുൻകൂറുകൾ നാളിതുവരെയും ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/23.12.22) ന് MNREGS ഓഫീസ് പ്രവർത്തനം, സാക്ഷരതാ പ്രേരകിന് ഓണറേറിയം എന്നീ ഇനങ്ങളിൽ നൽകിയ മുൻകൂറുകൾ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-22 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

Kerala Panchayat Raj (Constitution And Utilisation Of Distress Relief Fund) Rules, 2003 ചട്ടം അനുസരിച്ച് അടിയന്തിര സഹായം ആവശ്യമായ ആൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റിന് 500 രൂപ വരെ ധനസഹായം അനുവദിക്കാവുന്നതാണ്. പ്രകൃതി ദുരന്തങ്ങൾ, ദീർഘകാല രോഗങ്ങൾ, അപകടങ്ങൾ എന്നിവയാൽ കഷ്ടപ്പെടുന്ന ആളുകൾക്ക് ഇത്തരത്തിൽ ധനസഹായം അനുവദിക്കാവുന്നതാണ്. എന്നാൽ അയിലൂർ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ച് ഇതിനായി നാളിതുവരെ പ്രത്യേകം ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടില്ല. ഓഡിറ്റ് അന്വേഷണം 8/23.12.2022 നൽകിയതിന് അടുത്ത ഭരണസമിതി യോഗത്തിൽ വിഷയം അവതരിപ്പിച്ച് ദുരിതാശ്വാസനിധി രൂപീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-23 CPRCS മുഖേന കമ്പ്യൂട്ടർ. സ്കാനർ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 294/22, ഘടകസ്ഥാപനങ്ങൾക്കും നിർവഹണ ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും മറ്റ് സാധന സാമഗ്രികളും വാങ്ങൽ |
| അടങ്കൽ | 1685501, മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം |
| ചെലവ് | 725745, മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം |
| ബിൽ നം | 30/21-22/24.02.22 (418466/-)<br>23/21-22/31.03.22 (278579/-) (ബിൽ ബുക്ക് പേജ് നം.11)<br>27/21-22/31.03.22 (28700/-) |

മേൽ പ്രൊജക്ടിലുൾപ്പെടുത്തി CPRCS മുഖേന അഞ്ച് A4-Multi Functon Printer വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷന് (ട്രഷറി അക്കൗണ്ട് നം. 799011400003959) പ്രോഫോമ ഇൻവോയ്സ് നം. TVM/ITBG/PI/RC/35132/20-21 പ്രകാരം 20018/-രൂപ നിരക്കിൽ ആകെ 100090/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് (5/22.12.22) ഇൻവോയ്സ് ജനറേറ്റ് ചെയ്യുമ്പോൾ നിരക്ക് 20018/-രൂപയായിരുന്നു എന്നും എന്നാൽ നിലവിൽ ഈ നിരക്കിലുള്ള പ്രിന്റർ സ്റ്റോക്കില്ലാത്തതിനാലും പദ്ധതിയ്ക്കായി അധിക തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഉപകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-24 കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക മെയിന്റനൻസ് -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് | 213/22, കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ എം സി നൽകൽ |
| അടങ്കൽ | 80000, വികസനഫണ്ട് പൊതുവിഭാഗം |

| | |
|---|---|
| ചെലവ് | 65490, വികസനഫണ്ട് പൊതുവിഭാഗം |
| ബിൽ നം./തീയതി | 32/21-22/28.02.22 |

കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക മെയിന്റനൻസിനായി 21.10.21- ന് കെൽട്രോണുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം മെയിന്റനൻസിനായി തീരുമാനിച്ച ഉപകരണങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| Type Of Item | Model | Quantity |
|---|---|---|
| Computer | HCL | 6 |
| Computer | Acer | 3 |
| Computer | Keltron | 1 |
| Server | HP ML 310 | 1 |
| UPS 5KVA | Hykon | 1 |

കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക മെയിന്റനൻസിൽ പാലിക്കേണ്ട കാര്യങ്ങൾ GO.(P) നം. 26/2005/ITD Dated 24.12.2005-ൽ പ്രതിപാദിച്ചിട്ടുണ്ട്. ഉത്തരവു പ്രകാരം മെയിന്റനൻസിനായി അനുവദിക്കാവുന്ന തുക വാറണ്ടി പിരീയഡിന്റെയും വാങ്ങിയ വിലയുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതാണ്. കെൽട്രോണിന് നൽകിയ തുക ഈ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ടാണോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ കരാറിലോ അനുബന്ധ രേഖകളിലോ ഇല്ല. പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ ഉത്തരവ് പാലിക്കാതിരുന്നതിന് ഓഡിറ്റ് അന്വേഷണം (18/24.12.22) നൽകിയതിന് 2005ൽ വാങ്ങിയ കമ്പ്യൂട്ടർ അനുബന്ധ സാധന സാമഗ്രികളുടെ വിലയിൽ 2021 ആവുമ്പോഴേക്കും വ്യത്യാസം ഉണ്ടായതിനാലാണ് അപ്രകാരം കരാർ വെച്ചതെന്നും സ്പെസിഫിക്കേഷൻ പ്രകാരമുള്ള തുക തന്നെയാണ് ഈടാക്കിയിട്ടുള്ളതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. വാർഷിക മെയിന്റനൻസിനായി ഏർപ്പെടുന്ന കരാറുകളിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ ഉണ്ടാവേണ്ടതാണ്. ഇതിനായി കൈമാറുന്ന തുക സർക്കാർ ഉത്തരവു പാലിച്ചുകൊണ്ടാണെന്നും അധികചെലവ് ഉണ്ടായിട്ടില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 കോവിഡ് 19 നിയന്ത്രണം -അനുബന്ധ പ്രവർത്തനവും അടിസ്ഥാന സൗകര്യം ഒരുക്കലും - ചെലവുരേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് | 172/22, കോവിഡ് 19 നിയന്ത്രണം -അനുബന്ധ പ്രവർത്തനവും അടിസ്ഥാന സൗകര്യം ഒരുക്കലും |
| അടങ്കൽ | 1783000(883000-വികസനഫണ്ട് പൊതുവിഭാഗം, 500000-തനത് ഫണ്ട്, 400000-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 726920(442968-വികസനഫണ്ട് പൊതുവിഭാഗം, 283952-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ബിൽ നം/ Sanction Order No./തീയതി | 1. 13/21-22/12.08.21, 148166<br>2. 17/21-22/27.09.21, 131664<br>3. 18/21-22/01.10.21, 118686<br>4. 20/21-22/01.11.21, 44452<br>5. Sanction Order No. 280/26.03.22, 283952 |

കോവിഡ്-19 ന്റെ ഭാഗമായുള്ള FLTC, DCC എന്നിവയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഭൗതിക സാധന സാമഗ്രികൾ വാങ്ങുന്നതിനും സ്റ്റാഫുകളുടെ ശമ്പളം, വാഹന വാടക എന്നിവയ്ക്കുമായാണ് പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. ഇതിൽ 13/21-22/12.08.21, 18/21-22 /01.10.21, 20/21-22/01.11.21 എന്നീ ബില്ലുകൾ പ്രകാരം പിൻവലിച്ച ആകെ തുകയായ 311304/-രൂപയുടെ

ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകൾക്കായി ഓഡിറ്റ് അന്വേഷണം നം. 6/22.12.22 നൽകിയതിന് 148166/-രൂപയുടെ ചെലവുരേഖകൾ ഹാജരാക്കി. ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ശേഷിക്കുന്ന ചെലവുതുക 163138/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 പൊതുടാപ്പുകളുടെ വെള്ളക്കരം

ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 130 പൊതു കുടിവെള്ള ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കിവരുന്നത്. 2021-22-ൽ പ്രതിമാസം 59724/- രൂപ നിരക്കിൽ വെള്ളക്കരം ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. ഇതിനായി പ്രോജക്ട് രൂപീകരിച്ച് (112/22) ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 368300/- രൂപയും മെയിന്റനൻസ് ഗ്രാന്റ് - റോഡിതരത്തിൽ നിന്നും 180310/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ടാപ്പുകളുടെ എണ്ണത്തിലുള്ള കൃത്യത ഉറപ്പുവരുത്താതെയാണ് തുക അടവാക്കുന്നത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (22/24.12.22) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി നിലവിൽ പ്രവർത്തിച്ചുവരുന്ന ടാപ്പുകളുടെ എണ്ണം കൃത്യമാക്കി ആയതിനനുസരിച്ച് വെള്ളക്കരം അടവാക്കേണ്ടതും ഈ ഇനത്തിലെ അധികചെലവ് ഒഴിവാക്കേണ്ടതുമാണ്. 2020-21-ൽ ജലജീവൻമിഷൻ പദ്ധതിയുടെ ഭാഗമായി 900 വീടുകൾക്കുള്ള കുടിവെള്ള കണക്ഷനുള്ള പഞ്ചായത്ത് വിഹിതമായി 843000/-രൂപ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർപ്രവർത്തനങ്ങളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-27 തെരുവ് വിളക്ക് പരിപാലനം

ഗ്രാമപഞ്ചായത്തിന്റെ തെരുവുവിളക്ക് പരിപാലനം, മെയിന്റനൻസ് എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലെ വിവരം ചുവടെചേർക്കുന്നു.

1. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

കെ എസ് ഇ ബി ഡിമാന്റ് നോട്ടീസ് പ്രകാരം മുടപ്പല്ലൂർ ഇലക്ട്രിക്കൽ സെക്ഷനു കീഴിലുള്ള 1165140022395 എന്ന കൺസ്യൂമർ നമ്പറിലുൾപ്പെട്ട തെരുവ് വിളക്കുകൾക്കും കയറാടി ഇലക്ട്രിക്ക് സെക്ഷനു കീഴിലുള്ള 1168223003330 എന്ന കൺസ്യൂമർ നമ്പറിലുൾപ്പെട്ട തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. രണ്ടു കൺസ്യൂമർ നമ്പറിലുമായി പ്രതിമാസം ആകെ 22579രൂപയാണ് (8908+13671) വൈദ്യുതിചാർജിനത്തിൽ ചെലവ്. ഈ കൺസ്യൂമർ നമ്പറുകളിൽ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെ ഇനം, എണ്ണം, നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല. മേൽപ്പരാമർശിച്ച രേഖകൾ, തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്നിവ ഓഡിറ്റ് അന്വേഷണം(22/24.12.22) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

2)തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി

| | |
|---|---|
| പ്രൊജക്ട് | 244/22, സ്ട്രീറ്റ് ലൈറ്റ് റിപ്പയർ |
| അടങ്കൽ | 456242, ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 447627, വൗച്ചർ നം. XYFC/2021-22/P/2/10.02.22 |

പഞ്ചായത്തിലെ പ്രവർത്തന രഹിതമായ മുഴുവൻ തെരുവുവിളക്കുകളും പ്രവർത്തനക്ഷമമാക്കുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം. എ3/21/21-22 തീയതി 25.10.2021 പ്രകാരമുള്ള ടെണ്ടർ പരസ്യം നൽകുകയും ടെണ്ടറിൽ പങ്കെടുത്ത മൂന്നുപേരിൽ പി എസ് വെങ്കിട്ടരമണൻ, ലക്ഷ്മി ഇലക്ട്രിക്കൽസ്,

ആലത്തൂർ - എന്നവരുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ചെലവുരേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെചേർക്കുന്നു.

1. കരാർ ഉടമ്പടിയിൽ കരാറിലേർപ്പെട്ട തീയതി രേഖപ്പെടുത്തുകയോ പഞ്ചായത്തിനു വേണ്ടി സെക്രട്ടറി ഒപ്പുവെക്കുകയോ റിപ്പയർ ചെയ്യേണ്ട കാലയളവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2.സർവ്വീസ് കാലാവധി പൂർത്തിയായതും നിലവിൽ തകരാറിലായതുമായ തെരുവുവിളക്കുകളുടെ എണ്ണം വാർഡ് തിരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ സ്ഥാപനം നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ആകെ റിപ്പയർ ചെയ്ത എൽ.ഇ.ഡി ബൾബുകളുടെ എണ്ണം മനസ്സിലാക്കുവാൻ കഴിയുന്നത്. സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. നം 61/nil Dated പ്രകാരം എൽ ഇ ഡി, ഷേയ്ഡ്, സ്ലിപ് എന്നിവയുടെ വിലയായി 275702/-രൂപയും ലേബർചാർജിനത്തിൽ 172156/-രൂപയും നൽകിയിട്ടുണ്ട്. ഈ പ്രവർത്തിയിൽ പുതിയതായി സ്ഥാപിച്ച ലാമ്പുകൾ എത്ര, റിപ്പയർ ചെയ്ത പഴയ ലാമ്പുകൾ എത്ര എന്ന് വ്യക്തമാക്കുന്ന രേഖകൾ ഇല്ല.

3.പ്രവൃത്തി നടപ്പിലാക്കിയതിൽ കെ.എസ്.ഇ.ബി യുടെ മേൽനോട്ടം ഉണ്ടായതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

ഓഡിറ്റ് അന്വേഷണം (22/24.12.22) മുഖേന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 - തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഊർജ ഉപഭോഗം, വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിലെ കുറവ് ലഭ്യമാകുന്നതിന് കെ എസ് ഇ ബി യുമായി അടിയന്തിരമായി സംയുക്ത പരിശോധന നടത്തേണ്ടതും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്. തെരുവു വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്ക് കൃത്യമാക്കി, രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി വൈദ്യുതി ചാർജ് കുറവു ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 തൊഴിലുറപ്പ് പദ്ധതി

2021-22 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5386കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും 5386 പേർക്കും തൊഴിൽ കാർഡ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 61 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളത്. 2021-22-ൽ 2411 പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുകയും 227 പദ്ധതികൾ നടപ്പിലാക്കുകയും 132 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ₹29030000 വകയിരുത്തിയിട്ടുണ്ട്. ഇവയിൽ സാധന സാമഗ്രികൾ ആവശ്യമുള്ള 18പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത് . 12-01-22 ന് സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്.

നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|
| ചെറുകിട ജലസേചനം | 25 | 58 |
| വ്യക്തിഗതം | 94 | 24 |
| വാട്ടർ കൺസർവേഷൻ | 51 | 91 |
| വാട്ടർ ഹാർവെസ്റ്റിങ് | - | - |
| റോഡു നിർമ്മാണം | 11 | 30 |

ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികൾ പൂർത്തീകരിക്കുവാനും പരമാവധി കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിയേറ്റീവ് കെയർ പദ്ധതി-നഴ്സിന് അധികമായി വേതനം നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 25/22 (പാലിയേറ്റീവ് പരിചരണം-പൊതുവിഭാഗം)<br>218/22 (പാലിയേറ്റീവ് പരിചരണം-പൊതുവിഭാഗം-സ്പിൽ ഓവർ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 800000/- (600000-വികസന ഫണ്ട്, 200000- ബ്ലോക്ക് വിഹിതം)<br>370000/- (70000-വികസന ഫണ്ട്, 200000-ബ്ലോക്ക് പഞ്ചായത്ത്, 100000- ജില്ലാ പഞ്ചായത്ത്) |
| ചെലവ് | 598049/-<br>264901/- |
| ബിൽ നം തിയതി | 1) 1/16.07.21, തുക.78419/-<br>2) 2/16.09.21, തുക.96707/-<br>3) 4/23.10.21, തുക.31312/-<br>4) 5/15.11.21, തുക.61574/-<br>5) 8/22.12.21, തുക.195616/-<br>6) 9/22.12.21, തുക.69285/-<br>7) 10/30.12.21, തുക.86160/- |

| | |
|---|---|
| | 8) 14/28.01.22, തുക.31430/- |
| | 9) 17/18.02.22, തുക.32110/- |
| | 10) 18/11.03.22,തുക.118747/- |
| | 11) 19/21.03.22, തുക.47070/- |
| | 12) 21/26.03.22, തുക.14520/- |

അയിലൂർ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നഴ്സ് 08.02.2021 മുതൽ മാതൃത്വാവധിയിൽ പ്രവേശിക്കുകയും പകരം ഒരു നഴ്സിനെ 22.02.2021 മുതൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണം സംബന്ധിച്ച് സ.ഉ(സാധാ)നം.553/2019/തസ്വഭവ, തിയതി.07.03.2019 മാർഗ്ഗരേഖയിലെ ഖണ്ഡിക 2.13-ൽ കമ്മ്യൂണിറ്റി നഴ്സിന്റെ സേവനം തുടർച്ചയായി ലഭ്യമാകാതിരുന്നാൽ യോഗ്യതയുള്ള ഒരു നഴ്സിനെ ദിവസ വേതനാടിസ്ഥാനത്തിൽ പി.എം.സി നിയമിക്കേണ്ടതും ഒരു ദിവസത്തേയ്ക്ക് 500/- രൂപ, ഒരു മാസം പരമാവധി 15000/-രൂപ അനുവദിക്കാവുന്നതുമാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്.

പ്രതിദിനത്തിന് 500/- രൂപയിൽ കൂടുതൽ തുകയാണ് പകരമായി നിയമിച്ച പാലിയേറ്റീവ് നഴ്സിന് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഹാജരായിട്ടുള്ള ദിവസം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികമായി അനുവദിച്ചത് |
|---|---|---|---|---|
| 03/21 | 25 | 12500 | 15025 | 2525 |
| 04/21 | 20 | 10000 | 12020 | 2020 |
| 05/21 | 19 | 9500 | 11419 | 1919 |
| 06/21 | 24 | 12000 | 14424 | 2424 |
| 07/21 | 23 | 11500 | 13823 | 2323 |
| 08/21 | 2 | 1000 | 1202 | 202 |
| ആകെ | | 56500 | 67913 | 11413 |

കരാർ ജീവനക്കാരുടെ വേതനത്തിന്റെ അടിസ്ഥാനത്തിലാണ്, പകരമായി നിയമിച്ച പാലിയേറ്റീവ് കെയർ നഴ്സിന് വേതനം നൽകിയത് എന്നതാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/23.12.22) ലഭിച്ച മറുപടി.

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 11413/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ | സർട്ടിഫിക്കറ്റ് നമ്പർ/ |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തിയതി | തീയതി |
|---|---|---|
| 2021-22 | 19-12-2022 മുതൽ 24-12-2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നെന്മാറ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5225014 | ക്രിമറ്റോറിയം | 4217031 | 1007983 |
| | 2019-20 | 50666 | പാലിയേറ്റീവ് കെയർ | 50547 | 119 |
| | 2017-18 | 1 | പാലിന് സബ്സിഡി | 0 | 1 |
| | 2021-22 | 916500 | സമൃദ്ധി- ഉഴവുകൂലി | 916500 | 0 |
| | | 300000 | അങ്കണവാടി പോഷകാഹാരം | 300000 | 0 |
| | | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| | | 607000 | ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം | 607000 | 0 |
| | | 300000 | ലൈഫ് മിഷൻ ഭവനനിർമ്മാണം- പട്ടികജാതി | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 500000 | ലൈഫ് മിഷൻ ഭവനനിർമ്മാണം- പട്ടികജാതി | 500000 | 0 |
| | | 40000 | ലൈഫ് മിഷൻ ഭവനനിർമ്മാണം- പട്ടികജാതി- അഡീഷണൽ ലിസ്റ്റ് | 40000 | 0 |
| | | 290000 | ലൈഫ് മിഷൻ ഭവനനിർമ്മാണം- പട്ടികജാതി- അഡീഷണൽ ലിസ്റ്റ് | 290000 | 0 |
| | | 195616 | പാലിയേറ്റീവ് കെയർ | 195616 | 0 |
| പാലക്കാട് ജില്ലാപഞ്ചായത്ത് | 2021-22 | 874200 | സമൃദ്ധി- ഉഴവുകൂലി | 874200 | 0 |
| | | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | | 420000 | ലൈഫ് മിഷൻ ഭവനനിർമ്മാണം- പട്ടികവർഗ്ഗം | 420000 | 0 |
| | | 500000 | ഭിന്നശേഷി സ്കോളർഷിപ്പ് | 500000 | 0 |
| | | 49000 | ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം | 49000 | 0 |
| | | 800000 | ലൈഫ് മിഷൻ ഭവനനിർമ്മാണം- പട്ടികജാതി | 800000 | 0 |
| | | 2020000 | ലൈഫ് മിഷൻ ഭവനനിർമ്മാണം- പട്ടികജാതി | 2020000 | 0 |
| | | 2517404 | ലൈഫ് മിഷൻ ഭവനനിർമ്മാണം- പട്ടികജാതി- അഡീഷണൽ ലിസ്റ്റ് | 2517404 | 0 |
| | | 1900000 | ലൈഫ് മിഷൻ ഭവനനിർമ്മാണം- പട്ടികജാതി- അഡീഷണൽ ലിസ്റ്റ് | 1900000 | 0 |
| ഗ്രാമപഞ്ചായത്ത് - നെല്ലിയാമ്പതി | 2018-19 | 400000 | ലൈഫ് പദ്ധതി | 200000 | 200000 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി തുക നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ -ഭവനനിർമ്മാണം | - | 35742706 | 0 | 3564000 | 0 | 32178706 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2012-13-2014-15 | 3-28 | 3436 | 1210100396/ 06.11.2021 | ശ്രീ.സി ബി മനോജ്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 15885 | 1210100397/ 06.11.2021 | |
| | | 13603 | 1210100399/ 06.11.2021 | |
| | | 3956 | 1210100403/ 06.11.2021 | |
| | | 7529 | 1210100436/ 06.11.2021 | |
| | | 2939 | 1210100442/ 06.11.2021 | |
| | | 9811 | 1210100553/ 06.11.2021 | ശ്രീ.ബൈജുനാഥ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 57159 | | |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2007-08 | 3-51-1 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്- ലക്ഷ്യം കൈവരിച്ചി ട്ടില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 19-7-2018 ലെ സിറ്റിംഗിൽ വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |
| 2016-17 | പൊതുവായ അവലോകനം | വസ്തു നികുതി (ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖ.2-1) | വിഷയം സമിതി പരിഗണിച്ചിട്ടില്ല. |
| 2016-17 | പൊതുവായ അവലോകനം | തൊഴിൽ നികുതി (ഓഡിറ്റ് റിപ്പോർട്ട് | വിഷയം സമിതി പരിഗണിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | 2014-15 ഖ.2-2, 2.3, 2.6 & 2015-16 ഖ.2-1) | |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 126055150 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 98267939 |
| വരവിനങ്ങളിലുള്ള നഷ്ടം | : - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 11413 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 311704 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 11413 | ഡോ.കീർത്തി അശോകൻ, മെഡിക്കൽ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 311304 | സുരേന്ദ്രൻ.എൻ, സെക്രട്ടറി |
| 1-14 | 400 | അശ്വതി.എസ്, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.കീർത്തി അശോകൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി എച്ച് സി, അയിലൂർ ഗ്രാമപഞ്ചായത്ത് | കുന്നത്തുള്ളി, മണലൂർ, തൃശ്ശൂർ |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP6-1121/99/6.1.2000 | 3 |
| 1997-98 | L.F.P10-486/2002/ 5.9.2002 | 4 |
| 1998-99 | LF.P13/417/3.12.2005 | 2 |
| 1999-2000 | L.F.P12-418/2005/ 3.12.2005 | 11 |
| 2000-2001 | L.F.P12-441/2006/ 16.10.2006 | 27 |
| 2001-2002 | L.F.P12-442A/2006/ 10.10.2006 | 7 |
| 2002-2003 | L.F.P18-1720(a)/25.6.2012 | 10 |
| 2003-2004 | L.F.P12-28/2007/ 12.9.2007 | 15 |
| 2004-2005 | L.F.P18-1720(b)/2008/ 25.6.2012 | 34 |
| 2005-2006 | L.F.p18-1720(c)/2008/ 25.6.2012 | 14 |
| 2006-2007 | L.F.P18-1063/12/5.6.12 | - |
| 2007-2008 | KSA-PKD18-96(A)/17/29.3.17 | 3 |
| 2008-2009 | L.F.P18-1065/12/15.6.12 | 2 |
| 2009-2010 2010-2011 | L.F.P18-76/13/23.3.13 | 4 |
| 2011-2012 | KSA-PKD18-421/2016/ 27.5.16 | 2 |

| | | |
|---|---|---|
| 2012-13,<br>2013-14 &<br>2014-15 | KSA.PKD.18/465/16/25.06.16 | 18 |
| 2015-16 | KSA.PKD.18/22/17/6.01.17 | 3 |
| 2016-17 | നം.കെ.എസ്.എ-പികെഡി-പി18-1645/2017/08.09.2017 | 23 |
| 2017-18 | നമ്പർ കെഎസ്എ പികെഡി18-281/2019 /26.03.2019 | 28 |
| 2018-19 | നം. കെ.എസ്.എ-പികഡി18/1729/2019 | 27 |
| 2019-20 | നം. കെ.എസ്.എ-പികഡി18/1365/21 | 23 |
| 2020-21 | നം. കെ.എസ്.എ-പികഡി18/1366/21 | |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷികക്കണക്കുകളുടെ സംക്ഷിപ്തം

| Ayilur Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3713590.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 63696.00 |
| 140000000 | Fee & User Charges | I-4 | 745096.00 |
| 150000000 | Sale & Hire Charges | I-5 | 331640.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 204886849.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 471124.00 |
| 180000000 | Other Income | I-9 | 72122.00 |
| 190000000 | Prior Period Income | I-19 | 0.0 |
| | Total Income | 210284117.00 | |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 10472775.00 |
| 220000000 | Administrative Expenses | I-11 | 645943.00 |
| 230000000 | Operations & Maintenance | I-12 | 2651038.00 |
| 240000000 | Interest & Finance Charges | I-13 | 1393.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7485875.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 38759319.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 25302976.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 31781422.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 77652000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 8120.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 12529600.00 |
| | Total Expenditure | 207290461.00 | |
| | Gross Surplus / Deficit of income over Expenditure | 2993656.00 | |
| | Gross Surplus / Deficit of income over Expenditure | 2993656.00 | |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | 0.0 | |

Ayilur Grama Panchayat

RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16908012.00 |
| Cash | Cash | RP-40(a) | 15066.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 733880.00 |
| 140000000 | Fees & User Charges | RP-4 | 566496.00 |
| 150000000 | Sale & Hire Charges | RP-5 | 321640.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 79934453.00 |
| 171000000 | Interest Earned | RP-9 | 471124.00 |
| 210000000 | Establishment Expenses | RP-12 | 12080.00 |
| 220000000 | Administrative Expenses | RP-13 | 29047.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14332432.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11263975.00 |
| 460000000 | Loans, Advances and Deposits | RP-49 | 480796.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 57159.00 |
| 340000000 | Deposits Received | RP-33 | 178310.00 |
| 350000000 | Other Liabilities | RP-35 | 750680.00 |
| | Grand total | 126055150.00 | |

| | | | |
|---|---|---|---|
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-12 | 1956981.00 |
| 220000000 | Administrative Expenses | RP-13 | 296074.00 |
| 230000000 | Operations & Maintenance | RP-14 | 1681819.00 |
| 240000000 | Interest & Finance Charges | RP-15 | 110.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 8832010.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 27417314.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 25291633.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1020000.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 8120.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 446499.00 |
| 312000000 | Reserves | RP-29 | 2140.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 3413950.00 |
| 412000000 | Capital Work In Progress | RP-39 | 1284136.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 2625887.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8780385.00 |
| 460000000 | Loans, Advances and Deposits | RP-49 | 1415611.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 192068.00 |
| 350000000 | Other Liabilities | RP-35 | 13603202.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 27656436.00 |
| Cash | Cash | RP-40(b) | 130775.00 |
| | Grand Total | 126055150.00 | |

| Ayilur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Discriptions of items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 59819218.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 116318135.00 |
| | Total Reserve & Surplus | 176137353.00 | |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9663749.00 |
| | Total Grants, Contributions for Specific Purposes | 9663749.00 | |
| | Loans | | |
| 330000000 | Secured Loans | B-5 | 32178706.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | 32178706.00 | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 914302.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1916981.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | 2831283.00 | |
| | TOTAL LIABILITIES | 220811091.00 | |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 2691990.00 |
| 412000000 | Capital Work in Progress | B-11(b) | 187603.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 100000.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 22783641.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 161565573.00 |
| 416000000 | Accumulated Depreciation | B-11(a) | -36327707.00 |
| | Total Fixed Assets | 151001100.00 | |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | 0.0 | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 8725322.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 32178706.00 |
| 450000000 | Cash and Bank Balance | B-17 | 27787211.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 1118752.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | 69809991.00 | |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | 0.0 | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | 0.0 | |
| | TOTAL ASSETS | 220811091.00 | |

ഡെപ്യൂട്ടി ഡയറക്ടർ